പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3958 | 24.06.2014 ൽ മറുപടിയ്ക്ക് |

## യുവജനക്ഷേമ ബോർഡിന്റെ ഭാരതദർശൻ യാത്ര

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ഷാഫി പറമ്പിൽ : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡ് ഭാരതദർശൻ യാത്രയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപം നൽകിയ 2 ഭാരതദർശൻ യാത്രകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>ഭാരത്ദർശൻ I<br><br>ഇന്ത്യൻ റെയിൽവെ കാറ്ററിംഗ് & ടൂറിസം കോർപ്പറേഷൻ ലിമിറ്റഡുമായി സഹകരിച്ച് കേരളത്തിലെ യുവജനങ്ങൾക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ പ്രസിദ്ധമായ സ്ഥലങ്ങൾ കാണുന്നതിനും മനസ്സിലാക്കുന്നതിനുമായിട്ടാണ് ഭാരത്ദർശൻ യാത്രാ പദ്ധതി നടപ്പിലാക്കിയത്. പ്രസ്തുത ഭാരത്ദർശൻ 2013 ഫെബ്രുവരി 20 മുതൽ മാർച്ച് 6 വരെയാണ് നടത്തിയത്. ഇതിനായി 5,91,084/- രൂപ (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി എൺപത്തിനാല് രൂപ) ചെലവഴിച്ചു.<br><br>ഭാരതദർശൻ II<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനപ്രതിനിധികൾക്കായി ഭാരത് ദർശൻ യാത്രാ പദ്ധതി രൂപീകരിക്കുകയും തെരഞ്ഞെടുത്ത യുവജനങ്ങളായ പട്ടികവർഗ്ഗ ജനപ്രതിനിധികൾക്ക് രാഷ്ട്ര തലസ്ഥാനമായ ഡൽഹി, ഇന്ത്യൻ അതിർത്തിയായ വാഗാബോർഡർ, അമൃതസർ, ആഗ്ര എന്നീ സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് അവസരമൊരുക്കി. 2013 നവംബർ 22 മുതൽ 26 വരെയാണ് പ്രസ്തുത യാത്ര നടത്തിയത്. ഇതിനായി 9,73,672/- രൂപ (ഒൻപത് ലക്ഷത്തി എഴുപത്തിമൂവായിരത്തി അറുനൂറ്റി എഴുപത്തി രണ്ട് രൂപ) ചെലവഴിച്ചു. |

| | | |
|---|---|---|
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യ ങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ; | (ബി) കേരളത്തിലെ യുവജനങ്ങൾക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ, അതിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും സ്ഥലങ്ങളുടെ ചരിത്രപരവും, സാംസ്കാരികപരവുമായ കാര്യങ്ങൾ മനസ്സിലാക്കു വാനും സാഹചര്യമൊരുക്കുക എന്നതാണ് ആദ്യത്തെ ഭാരത്ദർശൻ യാത്രയുടെ ഉദ്ദേശ്യ ലക്ഷ്യം.<br><br>കേരളത്തിലെ സാമ്പത്തിക സാമുദായിക രംഗത്ത് പിന്നോക്കം നിൽക്കുന്ന ജനസമൂഹമായ പട്ടികവർഗ്ഗ യുവജനങ്ങൾക്ക് ഇന്ത്യയെക്കുറിച്ച് മനസ്സിലാക്കുന്നതിനും സാംസ്കാരിക പൈതൃകം നേരിട്ട് അനുഭവിച്ചറിയുന്നതിനും ചരിത്ര പ്രസിദ്ധമായ നിരവധി സ്ഥലങ്ങൾ നേരിട്ട് കാണുന്നതിനും അവസരമൊരുക്കുക എന്നതാണ് രണ്ടാം യാത്രയിലൂടെ ലക്ഷ്യമിട്ടത്. |
| സി) | ഇതിനായി ആരെയെല്ലാ മാണ് തിരഞ്ഞെടുക്കു ന്നത് ; വിശദമാക്കാ മോ ; | (സി) സംസ്ഥാന/ജില്ലാതല കേരളോത്സവങ്ങളിൽ വിജയിച്ച വർ, യൂത്ത് അവാർഡ് ജേതാക്കൾ, ബി.പി.എൽ-ൽപ്പെട്ട യുവതീയുവാക്കൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കു ന്നവർ, എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർ, അന്യ സംസ്ഥാനങ്ങൾ സന്ദർശിക്കുവാൻ ശേഷിയില്ലാത്തവർ എന്നീ വിഭാഗങ്ങളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തിയാണ് ജില്ലാ ഓഫീസുകൾ മുഖേന ഒന്നാം ഭാരതദർശൻ ഗുണ ഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയത്.<br><br>കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ ജനങ്ങൾ കൂടുതലായും അധിവസിക്കുന്ന വയനാട്, പാലക്കാട്, ഇടുക്കി തുടങ്ങിയ ജില്ലകളിൽ നിന്നും 15 നും 40 നും മദ്ധ്യേ പ്രായമുള്ള പഞ്ചായത്ത് ജനപ്രതിനിധികളെ അതാത് പഞ്ചായത്ത് കമ്മിറ്റികളുടെ ശുപാർശ അനുസരിച്ചാണ് രണ്ടാം ഭാരത ദർശൻ യാത്രയ്ക്കായി തെരഞ്ഞെടുത്തത്. |
| ഡി) | എന്തെല്ലാം കാര്യങ്ങൾ ഇതിന്റെ ഭാഗമായി നട ത്തിയിട്ടുണ്ട് ; വിശദാം ശങ്ങൾ എന്തെല്ലാം ? | ഡി) ഒന്നാം ഭാരതദർശൻ യാത്ര ഇന്ത്യൻ റെയിൽവെ കാറ്ററിംഗ് & ടൂറിസം കോർപ്പറേഷൻ ലിമിറ്റഡിന്റെ സഹകരണത്തോടെ 2013 ഫെബ്രുവരി 20 മുതൽ മാർച്ച് 6 വരെ നടത്തി. ഗോവ, അഹമ്മദാബാദ്, ജോധ്പൂർ, ഉദയ് പൂർ, ജയ്പൂർ, ജയ്സാൽമീർ, ഹൈദ്രാബാദ് എന്നീ സ്ഥലങ്ങളാണ് സന്ദർശിച്ചത്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പഞ്ചായത്ത് ജന പ്രതിനിധികൾക്കായി നടത്തിയ രണ്ടാം ഭാരത് ദർശൻ യാത്രയിൽ ഡൽഹി, ആഗ്രാ, പാർലമെന്റ് മന്ദിരം, രാജ് ഘട്ട്, ലോട്ടസ് ടെംബിൾ, ഇന്ത്യാഗേറ്റ്, ഗോൾഡൻ ടെംബിൾ, വാഗാബോർഡർ തുടങ്ങിയ സ്ഥലങ്ങൾ സന്ദർ ശിച്ചു.കൂടാതെ മെട്രോ റെയിൽ യാത്രയും സാദ്ധ്യമാക്കി. പ്രസ്തുത യാത്ര 2013 നവംബർ 22 മുതൽ 26 വരെയാണ് നടത്തിയത്. ഇരുയാത്രകളും പങ്കെടുത്ത പ്രതിനിധി കൾക്ക് ആദ്യ അനുഭവമായിരുന്നു. |

സെക്ഷൻ ഓഫീസർ